

നീര ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ധാരണാപത്രം എസ്.സി.എം.എസ് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. പ്രദീപ് .പി. തവന്നൂരും കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ജയമോഹനും കൈമാറുന്നു.

# നീരയുടെ വിപണനത്തിന് കരാറായി

കൊച്ചി: നീര ദാഹശമനിയും നീരയിൽ നിന്നുള്ള തേനും പഞ്ചസാരയും വിപണനം ചെയ്യുന്നതിനുള്ള കരാറിൽ കളമശേരി എസ്.സി.എം.എസ്സും കൊല്ലം ആസ്ഥാനമായ കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയും ഒപ്പുവെച്ചു. ഒരു വർഷമാണ് കരാർ കാലാവധി. എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസസ് ആൻഡ് ബയോടെക്നോളജി റിസർച്ച് ആൻഡ് ഡവലപ്മെന്റ് വികസിപ്പിച്ചതാണ് ഉല്പന്നങ്ങൾ.

കളമശ്ശേരിയിലെ നീര പ്ലാന്റിലാണ് ഉല്പാദനം നടക്കുക. സ്വകാര്യ മേഖലയിലെ ആദ്യത്തെ നീര പ്ലാന്റാണിത്. എസ്.സി.എം.എസ് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. പ്രദീപ് പി. തവന്നൂരും കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ജയമോഹനും ധാരണാപത്രം കൈമാറി.

എസ്.സി.എം.എസ് ഗ്രൂപ്പ് ഡയറക്ടർ പ്രൊഫ. പി.സി. പിള്ള, എസ്.സി.എം.എസ് ഗവേഷണ വിഭാഗം മേധാവി ഡോ. സി. മോഹൻകുമാർ, കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ഷാജഹാൻ എന്നിവർ സന്നിഹിതരായിരുന്നു.